| പതിനാലാം കേരള നിയമസഭ | | | |
|---|---|---|---|
| രണ്ടാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.154 | | 26/09/2016 ൽ മറുപടിക്ക് | |
| മന്ത്രിമാർക്കെതിരെ വിജിലൻസ് അന്വേഷണം | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.പി.ഉണ്ണി | | ശ്രീ.പിണറായി വിജയൻ<br>(ബഹു.മുഖ്യമന്ത്രി ) | |
| (എ) | കഴിഞ്ഞ സർക്കാരിലെ ഏതെല്ലാം മന്ത്രിമാർക്കെതിരെ വിജിലൻസ് അന്വേഷണം നടന്നു വരുന്നു എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കഴിഞ്ഞ സർക്കാരിലെ മന്ത്രിമാർക്കെതിരെ നിലവിൽ വിജിലൻസ് അന്വേഷണം ഒന്നും തന്നെ നടക്കുന്നില്ല. |
| (ബി) | കഴിഞ്ഞ സർക്കാരിലെ ഏതെല്ലാം മന്ത്രിമാർക്കെതിരെ വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേസെടുത്തിട്ടുണ്ട്; ഓരോന്നിന്റെയും വിശദാംശം പ്രത്യേകം പ്രത്യേകം വെളിപ്പെടുത്താമോ ? | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

കേരളത്തിലുടനീളം ബ്രോയ് ലർ ചിക്കൻ ബിസിനസ് നടത്തുന്ന തോംസൺ ഗ്രൂപ്പിനെയും, ശ്രീധരീയം ആയുർവേദിക് മെഡിസിൻ പ്രൈവറ്റ് ലിമിറ്റഡിനെയും മറ്റും സഹായിച്ചു എന്ന ആരോപണം സംബന്ധിച്ച് ശ്രീ.കെ.എം.മാണി, മുൻ ധനകാര്യ-നിയമ വകുപ്പുമന്ത്രിയ്ക്കെതിരെ ക്യൂ.വി. 01/16/സി.ആർ.ഇ./എസ്.ടി. നമ്പരായി സത്വരാന്വേഷണം നടത്തുകയും, റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വി.സി. 20/16/സി.ആർ.ഇ./എഫ്.ഐ.എൻ. നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയുമുണ്ടായിട്ടുണ്ട്.

ചങ്ങനാശ്ശേരിയിലെ ലെഡ് ഓക്സൈഡ് വ്യാപാരിയോട് ശ്രീ.കെ.എം.മാണി, മുൻ ധനകാര്യ - നിയമ വകുപ്പുമന്ത്രി സ്വജന പക്ഷപാതം കാണിച്ചു എന്ന ആരോപണം സംബന്ധിച്ച് ഒരു പ്രിലിമിനറി എൻക്വയറി നടത്തുകയും, റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വി.സി. 04/16/കെ.ടി.എം./എഫ്.ഐ.എൻ. നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയുമുണ്ടായിട്ടുണ്ട്.

ബാർ കോഴ ആരോപണം സംബന്ധിച്ച് മുൻ ധനകാര്യ - നിയമ വകുപ്പുമന്ത്രി ശ്രീ.കെ.എം.മാണിയ്ക്കെതിരെ ഒരു സത്വരാന്വേഷണം നടത്തുകയും, സത്വരാന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വി.സി. 06/14/എസ്.ഐ.യു.-I/ഇ.എക്സ്.സി. നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയും ഉണ്ടായിട്ടുണ്ട്.

ബാർ കോഴ ആരോപണം സംബന്ധിച്ച് മുൻ എക്സൈസ് വകുപ്പുമന്ത്രി ശ്രീ.കെ.ബാബുവിനെതിരെ ക്യൂ.വി. 16/16/സി.ആർ.ഇ. നമ്പരായി ഒരു സത്വരാന്വേഷണം നടത്തുകയും, പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വി.സി. 05/16/സി.ആർ.ഇ./ഇ.എക്സ്.സി. നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയുമുണ്ടായിട്ടുണ്ട്.

മുൻ റവന്യൂ വകുപ്പുമന്ത്രി ശ്രീ.അടൂർ പ്രകാശ്, മുൻ വ്യവസായ വകുപ്പുമന്ത്രി ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി എന്നിവർക്കെതിരെ ക്യൂ.വി. 07/16/എസ്.ഐ.യു.-II നടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വി.സി. 05/16/എസ്.ഐ.യു.-II എന്ന വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.